5 (*125) തരിശുഭൂമി ഫലപ്രദമായി ഉപയോഗിക്കാൻ പദ്ധതി

ശ്രീ. എം.പി. വർഗ്ഗീസ് :
ശ്രീ. എം. നാരായണൻ (കുഴൽമന്ദം) :
ശ്രീ. വി.കെ. ചന്ദ്രൻ :
ശ്രീ. എൻ.ആർ. ബാലൻ :

ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തരിശുഭൂമിയെ സംബന്ധിച്ച് സർക്കാർ എന്തെങ്കിലും സർവെ നടത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ബി) തരിശുഭൂമിയുടെ വിസ്തൃതി എത്രമാത്രമുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഏതു ജില്ലയിലാണ് തരിശുഭൂമി ഏറ്റവും അധികം ഉള്ളതെന്ന് വെളിപ്പെടുത്തുമോ;

(ഡി) തരിശുഭൂമി ഫലപ്രദമായി ഉപയോഗിക്കുന്നതിന് എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) തരിശുഭൂമി ഏറ്റെടുത്തു ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി വികസന പ്രവർത്തനത്തിനായി വിനിയോഗിക്കാനുള്ള എന്തെങ്കിലും പദ്ധതിയ്ക്ക് രൂപം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നു വ്യക്തമാക്കുമോ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലൊളി മുഹമ്മദ്കുട്ടി) :

(എ) ഉണ്ട്. കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡ് കേരളത്തിലെ 'ലാൻഡ് റിസോഴ്സസ്' സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുകയും 1995-ൽ 'ലാൻഡ് റിസോഴ്സസ് ഓഫ് കേരള' എന്ന പേരിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പുസ്തകത്തിൽ കേരളത്തിലെ തരിശുഭൂമി സംബന്ധിച്ച വിവരങ്ങളും ഉൾക്കൊള്ളിച്ചിട്ടുണ്ട്.

(ബി) കേരളത്തിലെ മൊത്തം തരിശുഭൂമിയുടെ വിസ്തൃതി 71564 ഹെക്ടർ എന്നാണ് കണക്കാക്കിയിട്ടുള്ളത്. ജില്ല തിരിച്ചുള്ള വിവരം ചുവടെ കൊടുക്കുന്നു.

ജില്ല	തരിശുഭൂമി (ഹെക്ടറിൽ)
തിരുവനന്തപുരം	4301
കൊല്ലം	431
പത്തനംതിട്ട	165
ആലപ്പുഴ	1090
കോട്ടയം	4000
ഇടുക്കി	11810
എറണാകുളം	566
തൃശ്ശൂർ	1452
പാലക്കാട്	20245
മലപ്പുറം	9095
കോഴിക്കോട്	2615
വയനാട്	811
കണ്ണൂർ	8087
കാസർഗോഡ്	10694
ആകെ	71564

LIBRARY ARCHIVES Kerala Legislative Assembly

(സി) പാലക്കാട് ജില്ലയിൽ

(ഡി) കേന്ദ്ര സർക്കാർ തരിശുഭൂമിയുടെ സമഗ്ര വികസനത്തിനായി 1985-ൽ ദേശീയ തരിശുഭൂമി വികസന ബോർഡിന് രൂപം നൽകുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡ് ദേശീയ തരിശുഭൂമി വികസന ബോർഡിന്റെ മാർഗ്ഗ നിർദ്ദേശമനുസരിച്ച്, മലപ്പുറം, പാലക്കാട്, വയനാട്, ഇടുക്കി, തൃശ്ശൂർ, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ പദ്ധതി നടപ്പാക്കാനായി വിവിധ പ്രദേശങ്ങൾ കണ്ടെത്തുകയും മലപ്പുറം, പാലക്കാട്, വയനാട്, ഇടുക്കി, തൃശ്ശൂർ ജില്ലകളിൽ പദ്ധതി നടപ്പാക്കുന്നതിന് അനുമതി നൽകുകയും ചെയ്തു. ഈ അഞ്ചു ജില്ലകളിലും നടപ്പാക്കുന്നതിനുള്ള ആറു പദ്ധതികൾക്കായി 1764.61 ലക്ഷം രൂപ ചെലവഴിക്കാനാണ് അനുമതി ലഭിച്ചിട്ടുള്ളത്. 29780 ഹെക്ടർ തരിശുഭൂമി വികസനമാണ് ലക്ഷ്യമിട്ടിരുന്നത്. 1231.33 ലക്ഷം രൂപ കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുണ്ട്. ഡോ. ഹനുമന്തറാവു കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ നീർത്തട വികസനത്തിനുള്ള പൊതു മാർഗ്ഗമേളയിൽ 1.4.1995 മുതൽ തരിശുഭൂമി വികസന പദ്ധതി കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്ത് എല്ലാ ബ്ലോക്ക് പഞ്ചായത്തുകളിലും ബ്ലോക്കുതല നീർത്തടാധിഷ്ഠിത വികസന മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അട്ടപ്പാടി മേഖലയിലെ പരിസ്ഥിതി സംരക്ഷണം ലക്ഷ്യമാക്കി ജപ്പാൻ ബാങ്ക് ഫോർ ഇന്റർനാഷണൽ കോ-ഓപ്പറേഷന്റെ സഹായത്തോടെ ഒരു ഇക്കോ റെസ്റ്റോറേഷൻ പ്രോജക്ടിന്റെ പ്രവർത്തനവും നടന്നുവരുന്നുണ്ട്. തരിശ്ശുഭൂമി വികസനം പ്രസ്തുത പ്രോജക്ടിന്റെ പ്രധാന ലക്ഷ്യങ്ങളിലൊന്നാണ്.

(ഇ) ജനകീയാസൂത്രണ പരിപാടിയിൽ ഉൾപ്പെടുത്തിക്കൊണ്ട് കേരളത്തിലെ എല്ലാ ബ്ലോക്കുകളിലും നീർത്തടാധിഷ്ഠിത വികസന മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു.

6 (*126) അധികാര വികേന്ദ്രീകരണത്തെത്തുടർന്നുള്ള ഉദ്യോഗസ്ഥ പുനർവിന്യാസം

ശ്രീ. എൻ.ആർ. ബാലൻ :
ശ്രീ. പി.കെ. കുമാരൻ :
ശ്രീ. ടി.കെ. ബാലൻ :
ശ്രീ. എം. നാരായണൻ (കുഴൽമന്ദം) :
ശ്രീ. എ. അലി ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അധികാര വികേന്ദ്രീകരണത്തെ തുടർന്നുള്ള ഉദ്യോഗസ്ഥ പുനർവിന്യാസം ഏത് ഘട്ടം വരെയായി എന്ന് വ്യക്തമാക്കുമോ;

(ബി) സെൻകമ്മിറ്റി റിപ്പോർട്ട് സംസ്ഥാനത്ത് പൂർണ്ണമായും നടപ്പാക്കുന്നതിന് എന്തൊക്കെ നടപടികൾ ഇതിനകം സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; സെൻകമ്മിറ്റി റിപ്പോർട്ട് അനുസരിച്ച് ഇതിനകം നടപ്പാക്കിക്കഴിഞ്ഞ കാര്യങ്ങൾ വ്യക്തമാക്കുമോ;

(സി) ജനകീയാസൂത്രണ പരിപാടികളുടെ പരിശോധനകളിൽ ഫലപ്രദമാക്കേണ്ട സെൻകമ്മിറ്റി റിപ്പോർട്ടിലെ പ്രധാനശുപാർശകളിലൊന്നായ 'പെർഫോമൻസ് ഓഡിറ്റ്' ഫലപ്രദമായി നടപ്പാക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly